**അനുബന്ധം**

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ. ഉന്നയിച്ച
സബ്മിഷനുള്ള വിശദമായ മറുപടി

കയ്പമംഗലം നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മതിലകം, എസ്.എൻ. പുരം, കയ്പമംഗലം, പെരിഞ്ഞനം, എടത്തിരുത്തി എന്നീ ഗ്രാമപഞ്ചായത്തുകളിലേക്കും വാടാനപ്പിള്ളി, വലപ്പാട്, നാട്ടിക, തളിക്കുളം, എങ്ങണ്ടിയൂർ, എന്നീ ഗ്രാമ പഞ്ചായത്തുകളിലേക്കും ശുദ്ധജല വിതരണം നടത്തുന്നതിനായി 1981-ൽ നെതർലാൻഡ് ഗവൺമെന്റിന്റെ സഹായത്തോടെ ഡിസൈൻ ചെയ്ത് 1990 ഡിസംബറിൽ കമ്മീഷൻ ചെയ്ത പദ്ധതിയാണ് CWSS to നാട്ടിക ഫിർക്ക. ഈ പദ്ധതിയിൽ ഇല്ലിക്കൽ റോ വാട്ടർ പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന വെള്ളം വെള്ളാനിയിൽ സ്ഥിതിചെയ്യുന്ന 20 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരണത്തിനുശേഷം 10 ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള വിതരണശൃംഖല വഴി ജലവിതരണം ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 30921 ഗാർഹിക കണക്ഷനുകളും 2612 പൊതുടാപ്പുകളും നിലവിലുണ്ട്.

35 വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രീമോ പൈപ്പുകൾ കാലാഹരണപ്പെട്ടവയാണ്. അവ നിരന്തരമായി പൊട്ടുന്നതിനാൽ കുടിവെള്ള വിതരണം നിരന്തരമായി തടസ്സപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത പ്രീമോ പൈപ്പുകൾ മാറ്റി പുതിയ DI പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിൽ 3 പ്രവൃത്തികൾക്കായി 09-04-2018-ലെ APR-4/401/2018/KIIFB ഉത്തരവ് പ്രകാരം 31.98 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. DSR റിവിഷനെ തുടർന്ന് 24-04-2023-ലെ WRD005-127/APR-6/2023/KIIFB ഉത്തരവ് പ്രകാരം 47.31 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ഇവയിൽ 2 പ്രവൃത്തികളാണ് കൈപ്പമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്നത്.

1. <u>കിഫ്ബി CWSS to നാട്ടിക ഫിർക്ക സി.വി. സെൻറർ മുതൽ അഗസ്ത്യേശ്വരം അമ്പലം വരെയുള്ള 500 mm പ്രീമോ പൈപ്പുകൾ മാറ്റി 700 mm DI K9 പൈപ്പുകൾ സ്ഥാപിക്കുന്ന റീച്ച് 1 പൈപ്പ് ലൈൻ പ്രവൃത്തി</u>.

മേൽ പ്രവൃത്തിക്കുവേണ്ടി ഭരണാനുമതിയായി 5.92 കോടി രൂപയാണ്

അനുവദിച്ചിരുന്നത്. പുതുക്കിയ ഭരണാനുമതി ഉത്തരവ് പ്രകാരം 8.71 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിനനുസരിച്ച് തയ്യാറാക്കിയിട്ടുള്ള 8 കോടി രൂപയുള്ള എസ്റ്റിമേറ്റിന് 16-08-2023-ൽ ചീഫ് എഞ്ചിനീയർ, മധ്യമേഖല, കൊച്ചി, WRD/KWA-CE(CR)/EST-TS/996/2022-26-1-1 നമ്പർ പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 18-06-2025-ൽ മുഹമ്മദാലി ടി. എന്ന കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതും 14-07-2025-ൽ ബഹുമാനപ്പെട്ട സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 02/SE/PHC/TSR/2025-26 പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് പ്രകാരം ടി പ്രവൃത്തിയുടെ കാലാവധി 13-03-2026 വരെയാണ്. മേൽ പ്രവൃത്തിയിലെ പൈപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിങ് അനുവാദം ലഭിക്കുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് 13-08-2025-ൽ BG അടവാക്കിയിട്ടുള്ളതും 08-09-2025-ൽ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. 18-09-2025-ൽ ട്രൈപാർട്ടി എഗ്രിമെന്റ് റോഡ് റിസ്റ്റോറേഷൻ പ്രവൃത്തിക്കുവേണ്ടി വച്ചിട്ടുള്ളതുമാണ്. സി.വി. സെന്റർ മുതൽ അഗസ്ത്യേശ്വരം അമ്പലം വരെയുള്ള 500 മി.മി. പ്രീമോ പൈപ്പുകൾ മാറ്റി 700 മി.മി. DI K9

പൈപ്പുകൾ 2500 m നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് Reach I പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പ്രവൃത്തിയിൽ എല്ലാ പൈപ്പുകളും കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതും 700 mm-DI-2500 മീറ്ററിൽ 2094 മീറ്റർ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. 2026 മേയ് മാസത്തിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>2. കിഫ്ബി CWSS to നാട്ടിക ഫിർക്ക അഗസ്ത്യേശ്വരം അമ്പലം മുതൽ മതിലകം സമ്പ് വരെയുള്ള 400 mm പ്രീമോ പൈപ്പുകൾ മാറ്റി 700 mm DI K9, 400 mm DI K9 പൈപ്പുകൾ സ്ഥാപിക്കുന്ന റീച്ച് 2 പൈപ്പ് ലൈൻ പ്രവൃത്തി</u>

മേൽ പ്രവൃത്തിക്കുവേണ്ടി ഭരണാനുമതിയായി 6.41 കോടി രൂപയാണ് അനുവദിച്ചിരുന്നത്. പുതുക്കിയ ഭരണാനുമതി ഉത്തരവ് പ്രകാരം 11.59 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിനനുസരിച്ച് തയ്യാറാക്കിയിട്ടുള്ള 10.79 കോടി രൂപയുള്ള എസ്റ്റിമേറ്റിന് 24-08-2023-ൽ ചീഫ് എഞ്ചിനീയർ, മധ്യമേഖല, കൊച്ചി, WRD/KWA-CE(CR)/EST-TS/1095/2022-26-1-1 നമ്പർ പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 16-06-2025-ൽ മുഹമ്മദാലി ടി. എന്ന

കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതും 14-07-2025-ൽ ബഹുമാനപ്പെട്ട സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 04/SE/PHC/TSR/2025-26 പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. എഗ്രിമെന്റ് പ്രകാരം ടി പ്രവൃത്തിയുടെ കാലാവധി 13-03-2026 വരെയാണ്. മേൽ പ്രവൃത്തിയിലെ പൈപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിങ് അനുവാദം ലഭിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യിലേക്ക് 3 റോ പോർട്ടൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പോട്ട-മൂന്നുപീടിക റോഡിൽ Ch 21/500 to Ch 21/580 റോഡ് കട്ടിങ് അനുവാദം 08-09-2025-ൽ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 2 റോ പോർട്ടൽ അപേക്ഷകളുടെ ഡിമാൻഡ് നോട്ടുകൾ പി.ഡബ്ല്യൂ.ഡി.-യിൽനിന്ന് ലഭിച്ചതിനനുസരിച്ചുള്ള ബാങ്ക് ഗ്യാരന്റികൾ പി.ഡബ്യൂ.ഡി.-ക്ക് 21-11-2025-ൽ കൈമാറിയിട്ടുള്ളതാണ്. എന്നാൽ നിരന്തരം പി.ഡബ്യൂ.ഡി.-യുമായി ബന്ധപ്പെട്ടിട്ടും അനുമതി ലഭ്യമായിട്ടില്ല. അഗസ്ത്യേശ്വരം അമ്പലം മുതൽ മതിലകം സമ്പ് വരെ നിലവിലെ 500 mm പ്രീമോ പൈപ്പുകൾക്കുപകരം 700 mm DI K9 പൈപ്പുകൾ-1500 m നീളത്തിലും 400 mm DI K9 പൈപ്പുകൾ-3200 m നീളത്തിലും സ്ഥാപിക്കുന്ന പ്രവൃത്തിയാണ് Reach ||

പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ആവശ്യമുള്ള പൈപ്പുകൾ കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതും 400 mm DI- 564 മീറ്റർ നീളത്തിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. മേൽ പ്രവൃത്തി 2026 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൈപ്പമംഗലം നിയോജകമണ്ഡലം തനത് കുടിവെള്ള പദ്ധതി

ബഹുമാനപ്പെട്ട കൈപ്പമംഗലം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ടൈസൺ മാസ്റ്റർ അവർകളുടെ 23-08-2025-ലെ കത്ത് പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലം തനത് കുടിവെള്ള പദ്ധതിക്കായി 2 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത DPR-ൽ എസ്.എൻ.പുരം ഗ്രാമപഞ്ചായത്തിൽ ഓമൻകുളം, പതിയാശ്ശേരി എന്നീ പ്രദേശങ്ങളിലേക്കായി മിനി കുടിവെള്ള പദ്ധതിയിൽ നടപ്പാക്കുന്നതിനും മതിലകം, എസ്.എൻ.പുരം ഗ്രാമപഞ്ചായത്തുകളിൽ ജല വിതരണ ലഭ്യത തോത് ഉയർത്തുന്നതിനായി നിലവിലെ മതിലകം ബൂസ്റ്റർ പമ്പ് ഹൗസിൽ മോട്ടോർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനായും ആവശ്യമായ ഘടകങ്ങളാണ് ഉൾപ്പെടുത്തുന്നത്. ആയതിന് ഭരണാനുമതി തുക ലഭ്യമാകുന്നമുറക്ക് സങ്കേതികാനുമതി നൽകി പ്രവൃത്തി

നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം ജലവിതരണ പദ്ധതി</u>

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം ജലവിതരണ പദ്ധതിക്കായി MLA SDF പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലാ കളക്ടറുടെ 11-09-2018-ലെ ആർ.ഡി.-1/4660 നമ്പർ ഉത്തരവ് പ്രകാരം 72 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയിൽ 3.6 മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, എന്നിവയുടെ നിർമ്മാണം, വിതരണശൃംഖല സ്ഥാപിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കൽ, പ്രഷർ ഫിൽറ്റർ, മോട്ടോർ പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കൽ, ക്ലോറിനേഷൻ സംവിധാനം, കുളം ആഴം കൂട്ടി വൃത്തിയാക്കൽ, പമ്പ് ഹൗസിലേക്കുള്ള വഴി മണ്ണിട്ട് ഉയർത്തൽ എന്നീ പ്രവൃത്തികൾ ആകെ 52,02,461/- രൂപ ചെലവിൽ 08-05-2023-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

MLA ADS പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലാ കളക്ടറുടെ 16-08-2024-ലെ ഇ 415305/2024 നമ്പർ ഉത്തരവ് പ്രകാരം 12.65 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള മറ്റ് പ്രവൃത്തികളായ 10000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് വിതരണം ചെയ്ത് സ്ഥാപിക്കൽ, പി.വി.സി. ടാങ്ക്

സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ സ്ട്രക്ചർ നിർമ്മിക്കുന്ന പ്രവൃത്തി, 90 മി.മി. പി.വി.സി. പൈപ്പ് ലൈൻ 500 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി, പൊതുടാപ്പ്-4 എണ്ണം സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ 03-10-2024-ൽ ആരംഭിക്കുകയും 11-02-2025-ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിക്കായി ആകെ 12,60,896/- രൂപയാണ് ചെലവായിട്ടുള്ളത്. രണ്ട് ഘട്ടങ്ങളായി മേൽ പദ്ധതി പൂർത്തീകരിച്ചതിനുശേഷം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന് പ്രവർത്തനവും പരിപാലനവും നടത്തുന്നതിനായി ഔദ്യോഗികമായി കൈമാറിയിട്ടുണ്ട്.

NH 66 നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ഓരോ പഞ്ചായത്തുകളിലെയും പ്രധാന ജല വിതരണ പൈപ്പുകൾ കഴിഞ്ഞ 3 വർഷത്തോളമായി നിരന്തരം തകർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിലവിൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള DRAIN നിർമ്മാണം പൂർത്തിയാകുന്നമുറക്കാണ് യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന്റെ ഭാഗമായിട്ടുള്ള KWA-യുടെ പൈപ്പുകൾ NHAI കരാറുകാർ പുനഃസ്ഥാപിച്ചുവരുന്നത്. NH66-ന്റെ ഭാഗമായിട്ടുള്ള DRAIN നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ

പ്രവൃത്തികൾ പൂർത്തീകരിച്ച് മേൽ പഞ്ചായത്തുകളിൽ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന്റെ ഭാഗമായിട്ടുള്ള KWA-യുടെ പൈപ്പുകൾ NHAI കരാറുകാർ പുനഃസ്ഥാപിച്ചാൽ മാത്രമെ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ജല വിതരണം തടസ്സപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിലേക്ക് ജല വിതരണം പുനഃസ്ഥാപിക്കുന്നതിന് സാധിക്കുകയുള്ളൂ. കാലപ്പഴക്കത്താൽ പ്രധാന ഗ്രാവിറ്റി പൈപ്പുകളിൽ ജോയിന്റ് ലീക്ക് ഉണ്ടാകുമ്പോൾ അതത് സമയങ്ങളിൽതന്നെ അറ്റകുറ്റപണികൾ ചെയ്ത് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാറുണ്ട്.